ജനകീയാസൂത്രണ പദ്ധതികൾ നടപ്പാക്കാൻ ത്രിതല പഞ്ചായത്തുകൾക്ക് നൽകിയ തുക

2(385) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജനകീയാസൂത്രണ പദ്ധതികൾ നടപ്പാക്കാൻ ഓരോ വർഷവും ത്രിതല പഞ്ചായത്തുകൾക്ക് എന്തു തുക വീതം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവയ്ക്ക് പ്രത്യേകം പ്രത്യേകം നൽകിയ തുക എത്രയാണെന്ന് വിശദമാക്കാമോ ;

(സി) വീടുവയ്ക്കാൻ ഭൂമി ഇല്ലാത്തവർക്ക് ഭൂമി കൂടി വാങ്ങി വീട് വച്ചു കൊടുക്കാൻ പദ്ധതി രൂപീകരണത്തിൽ പ്രത്യേക പ്രാധാന്യം നൽകുമോ ;

(ഡി) ജനകീയാസൂത്രണ പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടും വീടു നിൽക്കുന്ന സ്ഥലവും ക്രയവിക്രയം ചെയ്യുന്ന രീതി കർശനമായി തടയാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ത്രിതല പഞ്ചായത്തുകൾക്ക് നൽകിയ പദ്ധതിവിഹിതം ചുവടെ ചേർക്കുന്നു.

രൂപ കോടിയിൽ

1997-98	1998-99	1999-2000	2000-2001
655.13	827.23	887.81	910.77

(ബി) ത്രിതല പഞ്ചായത്തുകൾക്ക് നൽകിയ പദ്ധതിവിഹിതം ചുവടെ ചേർക്കുന്നു.

രൂപ കോടിയിൽ

വർഷം	ഗ്രാമ പഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്	ജില്ലാപഞ്ചായത്ത്
1997-98	420.49	108.70	123.94
1998-99	549.54	135.02	142.67
1999-2000	595.01	144.41	148.39
2000-2001	608.81	148.79	153.06

LIBRARY ARCHIVES Kerala Legislative Assembly

(സി) ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭൂമി ഇല്ലാത്തവർക്ക് ഭൂമി വാങ്ങി വീടു വച്ചു നൽകുന്നതിന് പ്രോജക്ടുകൾ ഏറ്റെടുക്കുന്നുണ്ട്. സ്വന്തമായി സ്ഥലമുള്ളവർക്ക് വീടുനൽകുന്നതിന് മുൻഗണന നൽകുകയെന്നതാണ് പൊതുവായ നയം. അത് പൂർത്തിയായതിനുശേഷം ഈ കാര്യം പരിഗണിക്കാവുന്നതാണ്.

(ഡി) ഇക്കാര്യം ഗവൺമെന്റ് പരിശോധിച്ചുവരുന്നു.

ജനകീയാസൂത്രണ പദ്ധതികൾക്കായി വകയിരുത്തിയ ഉപാധിരഹിത ഫണ്ട്

3(386) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പദ്ധതികൾക്കായി 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിൽ ഉപാധി രഹിത ഫണ്ടായി വകയിരുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ വിനിയോഗകാലാവധി ഓരോ വർഷങ്ങളിലും എത്ര തവണ നീട്ടി കൊടുത്തിട്ടുണ്ട് ; തീയതികൾ വ്യക്തമാക്കുമോ ;

(സി) വിനിയോഗകാലാവധി ബഡ്ജറ്റ് നിയമങ്ങൾ ലംഘിച്ച് നീട്ടികൊടുത്തിട്ടുണ്ടോ ; എങ്കിൽ വിനിയോഗം സംബന്ധിച്ച കണക്കുകൾ തിട്ടപ്പെടുത്താൻ സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനായി എന്തു നടപടികളാണ് സർക്കാർ സ്വീകരിച്ചത് ;

(ഡി) ജനകീയാസൂത്രണ പദ്ധതിയുടെ നടത്തിപ്പിൽ നിന്ന് കരാറുകാരെ ഒഴിവാക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചുവെങ്കിലും പല ത്രിതല പഞ്ചായത്തുകളിലും ഗുണഭോക്തൃ സമിതിയുടെ ആളുകളുമായി കരാറുകാർ തന്നെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതു തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(എഫ്) ജനകീയാസൂത്രണ പദ്ധതിയുടെ ഓഡിറ്റുകൾ നടത്തുന്നത് സംബന്ധിച്ച് നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ജി) ഓഡിറ്റിങ്ങ് സംബന്ധിച്ച് ഹൈക്കോടതി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ അതു പാലിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly